മോശക്കാരല്ല; പരിതഃസ്ഥിതികൾ ആണ് അവരുടെ ജീവിതചര്യകളെ ആ വിധത്തിലാക്കിയത്. തുല്യപരിതഃസ്ഥിതികളിൽ മനുഷ്യരെല്ലാം ഒരേ വിധത്തിൽ പെരുമാറും. കടലിലൂടെ ഒഴുകുന്ന ചങ്ങാടത്തിലെ യാത്രയുടെ സുരക്ഷിതത്വം, അതിലെ എല്ലാ യാത്രക്കാരുടെയും ആത്മാർത്ഥസഹകരണത്തെ ആശ്രയിച്ചിരിക്കുംപോലെ, സ്പേസിലൂടെ ഒഴുകി നടക്കുന്ന ഭൂമി എന്ന ഈ ചങ്ങാടത്തിലെ ജീവിതത്തിന്റെ സുരക്ഷിതത്വത്തിന് മനുഷ്യവർഗത്തിന്റെ മുഴുവൻ ഉദ്ബുദ്ധമായ സഹകരണം ഇന്ന് ആവശ്യമായിരിക്കുന്നു. സാഹസികനായ ഈ ശാസ്ത്രജ്ഞൻ ഇപ്പോൾ പ്രകൃതിസംരക്ഷണപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത് ഈ ബോധം അദ്ദേഹത്തിന്റെ ചേതനയിൽ നിറഞ്ഞുനിൽക്കുന്നതുകൊണ്ടാണ്.

9 ഫെബ്രുവരി, 1986

# 64. ജെ. കൃഷ്ണമൂർത്തി

'ആനന്ദ, നിനക്കു നീ തന്നെ വിളക്ക് ആവുക; നിനക്കു നീ തന്നെ ശരണമാവുക' എന്ന് മഹാനിർവ്വാണമടുത്ത ശ്രീബുദ്ധൻ പ്രിയശിഷ്യനായ ആനന്ദനെ ഉപദേശിക്കുകയുണ്ടായി. 'ആത്മദീപോ ഭവ, ആത്മശരണഃ' എന്ന ഈ ഉപദേശംതന്നെയാണ്, ഫെബ്രുവരി പതിനേഴാംതീയതി അമേരിക്കയിലെ കാലിഫോർണിയയിൽ തൊണ്ണൂറാം വയസ്സിൽ മരണമടഞ്ഞ ജെ. കൃഷ്ണമൂർത്തി, ലോകമെങ്ങുമുള്ള തന്റെ അനുയായികൾക്ക് നിരന്തരം നൽകിപ്പോന്നത്.

'അനുയായികൾ' എന്ന വാക്ക് ഉപയോഗിച്ചുവെന്നേയുള്ളു. താൻ ഗുരുവല്ലെന്നും തനിക്കു ശിഷ്യർ ഇല്ലെന്നും കൃഷ്ണമൂർത്തി ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. 'ഒന്നുമല്ലാത്ത ഒരാൾ, ഒരു വെറും വഴിപോക്കൻ, ഒരു തരം ദാർശനികൻ' മാത്രമായി അദ്ദേഹം സ്വയം വിവരിച്ചിട്ടുമുണ്ട്. എന്നിട്ടും, ഇന്ത്യയിൽ മദ്രാസും വാരാണസിയും അടക്കം ലോകത്തിന്റെ പല ഭാഗങ്ങളിൽ അദ്ദേഹം നിരന്തരം പ്രസംഗപരമ്പരകൾ നടത്തിവന്നു. ഇംഗ്ലീഷ് ഉച്ചാരണത്തിലെ സ്ഫുടത, ആശയങ്ങളുടെ വ്യക്തത, ഭാഷയുടെ ഭംഗി, പ്രാസംഗികന്റെ വ്യക്തിമാഹാത്മ്യം മുതലായ കാരണങ്ങളാലാവണം, ബുദ്ധിജീവികളുടേതായ ഒരു സദസ്സ് എപ്പോഴും ഈ പ്രസംഗപരമ്പരയ്ക്കുണ്ടായി. പ്രസംഗസമാഹാരങ്ങളും മറ്റുമായി എഴുനൂറ്റിപന്ത്രണ്ടു പുസ്തകങ്ങൾ അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടത്രേ. പാശ്ചാത്യരായ ആരാധകന്മാർ അദ്ദേഹത്തിന് ലോകത്തിന്റെ പല ഭാഗങ്ങളിൽ വിപുലമായ സ്വത്ത് സംഭാവനചെയ്തു. ഡച്ചുകാരനായ ഒരു പ്രഭു തന്റെ കോട്ടക്കൊട്ടാരവും അയ്യായിരം ഏക്കർ വനഭൂമിയും അദ്ദേഹത്തിന് വളരെ മുമ്പുതന്നെ സമർപ്പിക്കുകയുണ്ടായി. ഈ സ്വത്തുകൾ ഭരിക്കുന്നതിനും, തന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും മറ്റുമായി നാലു് അന്താരാഷ്ട്രീയഫൗണ്ടേഷനുകളും തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇന്ത്യയിലും ഇംഗ്ലണ്ടിലും അമേരിക്കയിലുമായി ആറ് അന്താരാഷ്ട്രീയ വിദ്യാലയങ്ങളും കൃഷ്ണമൂർത്തി സ്ഥാപിച്ചു. വ്യക്തികൾക്ക് അനുവദിച്ച കൂടിക്കാഴ്ചകൾ, വിദ്യാർത്ഥികളും അധ്യാപകരുമായി ചർച്ചകൾ, പ്രസംഗങ്ങൾ, നിരന്തരമായ സഞ്ചാരം—അങ്ങനെ കർമ്മമുഖരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

യൗവനാരംഭത്തിൽ കൃഷ്ണമൂർത്തിക്കു കിട്ടിയ അത്ര പ്രസിദ്ധീകരണം,

ഇന്ത്യയിൽ ഒരുപക്ഷേ, ജവാഹർലാൽ നെഹ്റുവിനുമാത്രമേ കിട്ടിയിരിക്കുകയുള്ളു. ഇപ്പോൾ ആന്ധ്രാപ്രദേശിൽ ഉൾപ്പെട്ട മദനപ്പിള്ളിയിൽ ഒരു തെലുഗു ബ്രാഹ്മണകുടുംബത്തിൽ 1895 മെയ് 11-ാം തീയതി അദ്ദേഹം പിറന്നു. മാതാപിതാക്കളുടെ എട്ടാമത്തെ മകനായിരുന്നതിനാൽ അദ്ദേഹത്തിനു് കൃഷ്ണന്റെ പേരു് നൽകപ്പെട്ടു. മദ്രാസിൽ അഡയാറിലെ തിയോസഫിക്കൽ സൊസൈററിയിൽ അച്ഛൻ നാരണയ്യയ്ക്കു് ഒരു ജോലി കിട്ടിയതിനാൽ, കൃഷ്ണമൂർത്തിയുടെ കുടുംബം പാർപ്പ് അങ്ങോട്ടു മാററി. ദുർബ്ബലശരീരനും, കാഴ്ചയിൽ മന്ദബുദ്ധിയുമായ കൃഷ്ണമൂർത്തി പഠിപ്പിൽ അമാന്തക്കാരനും മനോരാജ്യജീവിയും ആയിരുന്നു. തിയോസഫിപ്രസ്ഥാനം പടുത്തുയർത്തുന്നതിൽ ശ്രീമതി ആനി ബസൻറിന്റെ വലംകൈയായി പ്രവർത്തിച്ച ലെഡ് ബീററർ എന്ന സായ്പ് 1909-ൽ, പതിമ്മൂന്നു വയസ്സായ ഈ കുട്ടിയെ കണ്ടെത്തി. മൈത്രേയൻ എന്ന ലോകാചാര്യൻ ലോകരക്ഷയ്ക്കായി ഇടയ്ക്കിടെ അവതരിക്കുമെന്നും, ബോധിസത്ത്വന്മാരായും ക്രിസ്തുവായും മുമ്പു് അവതരിച്ച ഈ മൈത്രേയനാണു് ഇപ്പോൾ കൃഷ്ണമൂർത്തിയായി പിറന്നിട്ടുള്ളതെന്നും 'ദിവ്യദൃഷ്ടി'യുള്ള ലെഡ്ബീററർക്കു മനസ്സിലായി. ശ്രീമതി ആനി ബസൻറ് പോലുള്ള ഒരു മഹാപ്രതിഭാശാലിനിപോലും ഈ വിശ്വാസം പുലർത്തിയെന്നതാണു് അത്ഭുതകരമായ വസ്തുത.

കൃഷ്ണമൂർത്തിയെയും അനുജൻ നിത്യനെയും തിയോസഫിക്കാർക്കു കൊടുക്കാൻ ആദ്യം അച്ഛൻ നാരണയ്യയ്ക്കു് സന്തോഷമായിരുന്നു. പക്ഷേ, പിന്നീടു് ഈ കുട്ടികളുടെ രക്ഷാധികാരത്തെച്ചൊല്ലി മദ്രാസിലും ഇംഗ്ലണ്ടിലും കോടതികളിൽ നാരണയ്യയും തിയോസഫിക്കൽ സൊസൈററിയും തമ്മിൽ നീണ്ട തർക്കങ്ങൾ നടക്കുകയുണ്ടായി. എങ്കിലും, മിസ്സിസ് ബെസൻറിന്റെ മേൽനോട്ടത്തിൽ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം നേടാൻ കൃഷ്ണമൂർത്തിക്കു സാധിച്ചു. ഒരു പരീക്ഷയും അദ്ദേഹം പാസ്സായില്ല. ലോകഗുരുവിനു് എന്തു പരീക്ഷ? 'ആചാര്യപാദങ്ങളിൽ' (അററ് ദി ഫീററ് ഓഫ് ദി മാസ്റ്റർ) എന്ന തന്റെ ആദ്യത്തെ ഗ്രന്ഥം കൃഷ്ണമൂർത്തി എഴുതിയതു്, പതിനഞ്ചാം വയസ്സിലാണത്രേ. ഇരുപത്തേഴു ഭാഷകളിൽ വിവർത്തനംചെയ്യപ്പെട്ട ഈ പുസ്തകത്തിനു് നാല്പതു പതിപ്പുകൾ ഉണ്ടായി. കൃഷ്ണമൂർത്തി പരമാചാര്യനായി, 'പൗരസ്ത്യനക്ഷത്രസംഘം' (ഓർഡർ ഓഫ് ദി സ്റ്റാർ ഇൻ ദി ഈസ്റ്റ്) എന്നൊരു മതസംഘടന, തിയോസഫിപ്രസ്ഥാനത്തിനകത്തു്, 1911-ൽ രൂപം കൊണ്ടു. ആയിരത്താണ്ടുകളിലൊരിക്കൽമാത്രം പ്രത്യക്ഷപ്പെടുന്ന ഈ അവതാരപുരുഷനെ ആരാധിക്കാൻ ശ്രീമതി ബെസൻറ് തന്റെ അനുയായികൾക്കു് പ്രബലമായ പ്രേരണ നൽകിവന്നു. അപ്പോഴേക്കു് കൃഷ്ണമൂർത്തിയുടെ അസാധാരണമായ ആകാരസൗന്ദര്യം പരക്കെ സംസാരവിഷയമായിക്കഴിഞ്ഞിരുന്നു.

തനിക്കു ബുദ്ധിപരമായ പക്വതവന്നതോടെ മതങ്ങളിലും സ്ഥാപനങ്ങളിലുമുള്ള വിശ്വാസം കൃഷ്ണമൂർത്തി കൈവിട്ടു. 1929-ൽ, തന്റെ മുപ്പത്തിനാലാം വയസ്സിൽ, താൻ പരമാചാര്യനായി രൂപവത്ക്കരിക്കപ്പെട്ട 'പൗരസ്ത്യനക്ഷത്രസംഘം' എന്ന മതസംഘടന കൃഷ്ണമൂർത്തി പിരിച്ചുവിട്ടു; ഈ സംഘത്തിന്റെ വിപുലമായ സമ്പത്തിൽ തനിക്കുള്ള അധികാരം ഉപേക്ഷിക്കുകയുംചെയ്തു. 'സുഖം ലഭിക്കാൻ നമുക്കു മതങ്ങളോ, ഉപാസിക്കുവാൻ ക്ഷേത്രങ്ങളോ വേണ്ട. മതസംഘടനകളുടെ വെളിച്ചംനിറഞ്ഞ പ്രസംഗശാലകളിലോ ക്ഷേത്രങ്ങളുടെ ഇരുണ്ട ഇടനാഴികളിലോ സത്യം കണ്ടെത്തുക സാധ്യമല്ല. 'മതഗ്രന്ഥങ്ങളും മതാചാരങ്ങളും നമ്മെ സത്യത്തിലേക്കു നയിക്കുകയില്ല' എന്നു് കൃഷ്ണമൂർത്തി പ്രഖ്യാപിച്ചു. ഒററയടിപ്പാതപോലുമില്ലാത്ത ഒരു ഭൂഭാഗമാണു് സത്യം.

അതിലെത്താൻ ഒരു വഴിയുമില്ല. മറ്റൊരാളെ പിൻതുടരുമ്പോൾ നിങ്ങൾ സത്യത്തെ പിൻതുടരാതാവുന്നു. എല്ലാ ബന്ധനങ്ങളിൽനിന്നും എല്ലാ ഭയങ്ങളിൽനിന്നും മനുഷ്യനെ കേവലമായും നിരുപാധികമായും മോചിപ്പിക്കാൻ കൃഷ്ണമൂർത്തി ആഗ്രഹിച്ചു. 1985-ൽ ഐക്യരാഷ്ട്ര സംഘടനയിൽചെയ്ത ഒരു പ്രസംഗത്തിൽ, രാഷ്ട്രങ്ങൾക്കിടയിൽ ഐക്യമോ സംഘടനയിലൂടെ സമാധാനമോ കൈവരുകയില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. തന്റെ പ്രസംഗം കേൾക്കുന്നതും പുസ്തകങ്ങൾ വായിക്കുന്നതും നിഷ്പ്രയോജനമാണെന്ന് ശ്രോതാക്കളോട് തുറന്നുപറയാൻ കൃഷ്ണമൂർത്തിക്കു മടിയില്ലായിരുന്നു. മതങ്ങളോ, രാഷ്ട്രീയപ്പാർട്ടികളോ, ബഹുജനപ്രസ്ഥാനങ്ങളോ, ഒരു പ്രശ്നവും പരിഹരിക്കുകയില്ല. ജനങ്ങളെ പരസ്പരം അകറ്റുകവഴി അവ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയേ ഉള്ളൂ. 'സാമൂഹ്യപരിവർത്തനം എന്നതു നിരർത്ഥകമായ ഒരു പദമാണ്, കാരണം, നിങ്ങളും ഞാനും—വ്യക്തികൾ—അല്ലാതെ സമൂഹമെന്ന ഒന്ന് ഇല്ല; മറ്റൊരുവിധത്തിൽ പറഞ്ഞാൽ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളുടെ വലക്കെട്ടുമാത്രമാണ് സമൂഹം. വ്യക്തികളുടെ മാനസിക–അവബോധത്തിന്റെ ബഹിർമുഖമായ പ്രക്ഷേപം (പ്രൊജക്ഷൻ) അല്ലാതെ വേറെ സമൂഹമെന്ന ഒരു വസ്തുത ഇല്ലതന്നെ. അതിനാൽ മാറ്റം വരേണ്ടതു് വ്യക്തിക്കാണ്; വ്യക്തിയുടെ അവബോധത്തിനാണ്; വ്യക്തിയുടെ ദർശനത്തിനാണ്.

'നാമെല്ലാം ഏറ്റവുമധികം ആഗ്രഹിക്കുന്നതെന്താണ്? ഒരുപക്ഷേ, ഒരുതരം സുഖം, ഒരുതരം ശാന്തി, ആണ് അതു്. പ്രക്ഷോഭങ്ങളും യുദ്ധങ്ങളും മത്സരങ്ങളും നിറഞ്ഞ ലോകത്തിൽ സമാധാനം നിറഞ്ഞ ഒരു അഭയസ്ഥാനത്തിന് നാം കൊതിക്കുന്നു. ഇതിനുവേണ്ടി നാം നേതാക്കന്മാരെ അനുസരിക്കുന്നു; മതങ്ങളെ പിൻതുടരുന്നു; ആചാര്യന്മാരെ അനുഗമിക്കുന്നു.

'പക്ഷേ, യഥാർത്ഥത്തിൽ സുഖമാണോ നാം ആഗ്രഹിക്കുന്നതു്? അതോ സുഖം നൽകുമെന്ന് നാം കരുതുന്ന ഏതെങ്കിലും ഇന്ദ്രിയത്തിന്റെ സംതർപ്പണമോ? സുഖം 'തേടാൻ' നിങ്ങൾക്കു കഴിയുമോ? ഇന്ദ്രിയസംതർപ്പണം (ഗ്രാറ്റിഫിക്കേഷൻ) നിങ്ങൾക്കു കൈവന്നേക്കാം; പക്ഷേ സുഖം കണ്ടെത്താൻ നിങ്ങൾക്കു സാധ്യമല്ല. സുഖം ഒരു 'ഉല്പന്നം' ആണ്; മറ്റൊന്നിന്റെ ഒരു ഉപ–ഉല്പന്നം. അതിനാൽ, വളരെയധികം ശുഷ്കാന്തിയും, ശ്രദ്ധയും, ചിന്തയും, ജാഗ്രതയും ആവശ്യമുള്ള ഒന്നിനു വേണ്ടി നാം ഹൃദയവും മനസ്സും സമർപ്പിക്കുംമുമ്പ്, നാം തേടുന്ന ആ വസ്തു സുഖമോ ഇന്ദ്രിയസംതർപ്പണമോ എന്ന് കണ്ടെത്തേണ്ടതില്ലേ? നമ്മളിൽ പലരും ആഗ്രഹിക്കുന്നതു് ഇന്ദ്രിയസംതർപ്പണത്തിനു മാത്രമാണ്.

'ആന്തരമായും ബാഹ്യമായും നമ്മിലോരോരുത്തരും ആഗ്രഹിക്കുന്നതു് എന്തെന്നു കണ്ടെത്തിക്കഴിഞ്ഞാൽ, പിന്നെ ആചാര്യന്റെയോ പള്ളിയുടെയോ സംഘടനയുടെയോ ആവശ്യമില്ല. പക്ഷേ, ലക്ഷ്യമെന്തെന്നു വ്യക്തമായി മനസ്സിലാക്കാൻ കഴിയാത്തതാണ് നമ്മുടെ പ്രയാസം. നിങ്ങളുടെ ലക്ഷ്യം കണ്ടറിയാൻ നിങ്ങൾ മറ്റുവല്ലവരുടേയും അടുത്തു പോകേണ്ടതുണ്ടോ? എങ്കിലും നാം ചെയ്യുന്നതു് അതല്ലേ? നമ്മുടെ ജീവിതത്തിലെ സംഘർഷങ്ങളും ക്ലേശങ്ങളും പരിഹരിക്കാനുള്ള ശ്രമത്തിൽ നാം ഒരുപാട് പുസ്തകങ്ങൾ വായിക്കുന്നു, പല യോഗങ്ങളിൽ ഹാജരാവുന്നു, പല ചർച്ചകളിൽ പങ്കെടുക്കുന്നു, പല സ്ഥാപനങ്ങളിൽ ചേരുന്നു. അല്ലെങ്കിൽ, നമുക്ക് ആവശ്യമുള്ളതെല്ലാം തരുന്ന ഒരു സ്ഥാപനത്തെ, ആചാര്യനെ, പുസ്തകത്തെ, കണ്ടെത്തിയതായി നാം കരുതുന്നു; അതിനുള്ളിൽ നാം ഒതുങ്ങിക്കൂടുന്നു.

'ഈ കുഴപ്പത്തിനെല്ലാമിടയിൽ ശാശ്വതമായ, സത്യമായ, യഥാർത്ഥമെന്നു വിളിക്കപ്പെടുന്ന, ചിലതു് നാം അന്വേഷിക്കുന്നില്ലേ? ദൈവം, സത്യം....പേരു് എന്തുമായിക്കൊള്ളട്ടെ, പേരുകൾക്കിടയിൽ കുടുങ്ങാതിരിക്കുക. സനാതനമായ ഒന്നിനുവേണ്ടിയുള്ള അന്വേഷണം നമ്മളിലെല്ലാം ഉണ്ടു്.' ഇല്ലേ? 'ഒരു നിശ്ചയമില്ലയൊന്നിനും' എന്ന നമ്മുടെ സ്ഥിതിമൂലം, ഉറപ്പും, നിശ്ചിതത്വവും, ആശയും, സ്ഥിരമായ ആവേശവും നമുക്കു നൽകുന്ന ഒന്നിനുവേണ്ടി നാം അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

'ശാശ്വതമായ സുഖം—ദൈവം, സത്യം, എന്തുമാവട്ടെ—ആണു് നിങ്ങൾ അന്വേഷിക്കുന്നതെങ്കിൽ, സുഖം അന്വേഷിക്കുന്ന നിങ്ങളെക്കുറിച്ചുകൂടി നിങ്ങൾ മനസ്സിലാക്കേണ്ടതില്ലേ? ആരാണു് ഈ അന്വേഷകൻ? ശാശ്വതസുഖം, ശാശ്വതഭദ്രത, ഒരു മിഥ്യയായേക്കാം. സത്യം വളരെ വ്യത്യസ്തമായ ഒന്നാവാം. നിങ്ങൾക്കു കാണാനും സങ്കല്പിക്കാനും നിർവ്വചിക്കാനും കഴിയുന്നവയിൽനിന്നു തികച്ചും വ്യത്യസ്തമാണു് സത്യമെന്നു ഞാൻ കരുതുന്നു....അതിനാൽ, സ്ഥിരമായ എന്തെങ്കിലും അന്വേഷിക്കും മുമ്പു്, അന്വേഷകൻ ആരെന്നറിയുന്നതു് ആവശ്യമാണു്. അന്വേഷകനും, അയാൾ അന്വേഷിക്കുന്ന വസ്തുവും വ്യത്യസ്തങ്ങളാണോ? 'ഞാൻ സുഖം തേടുന്നു' എന്നു നിങ്ങൾ പറയുന്നു. സുഖവും നിങ്ങളും രണ്ടാണോ? ചിന്തകനും ചിന്തയും തമ്മിൽ ഭേദമുണ്ടോ? ഒരു സംയുക്തപ്രതിഭാസം അല്ലേ അവ? അതിനാൽ, നിങ്ങൾ അന്വേഷിക്കുന്ന വസ്തു എന്തെന്നു മനസ്സിലാക്കുംമുമ്പു്, അന്വേഷിക്കുന്ന നിങ്ങൾ ആരു് എന്ന ധാരണയുണ്ടാവേണ്ടതു് അത്യാവശ്യമല്ലേ?

'നിങ്ങളെ അറിയാതെ, നിങ്ങളുടെ ചിന്താരീതിയെപ്പറ്റി അറിയാതെ, നിങ്ങൾ ചില പ്രത്യേക വസ്തുക്കളെപ്പറ്റി എന്തുകൊണ്ടു ചിന്തിക്കുന്നു എന്നു് അറിയാതെ, നിങ്ങളുടെ പശ്ചാത്തലത്തെപ്പറ്റി അറിയാതെ കലയേയും മതത്തേയുംപറ്റി ചില വിശ്വാസങ്ങൾ നിങ്ങൾക്കുണ്ടായതെന്തുകൊണ്ടു് എന്നറിയാതെ നിങ്ങളുടെ രാജ്യത്തെയും അയൽക്കാരനെയും നിങ്ങളെയുംപറ്റി അറിയാതെ, എന്തിനെയെങ്കിലുംകുറിച്ചു് യഥാർത്ഥത്തിൽ ചിന്തിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയും?

'നിങ്ങൾ നിങ്ങളെത്തന്നെ കൂടുതൽ അറിയുമ്പോൾ, സംഗതികൾക്കു വ്യക്തത വരുന്നു. ആത്മജ്ഞാനം ഒരു ലക്ഷ്യത്തിൽ ഒടുങ്ങുന്നില്ല. അതൊരു നേട്ടമല്ല, ആത്മജ്ഞാനത്തിൽ നിങ്ങൾ ഒരു നിഗമനത്തിലെത്തുന്നില്ല. അതൊരു അവസാനമില്ലാത്ത നദിയാണു്. അതിലേക്കു കൂടുതൽ കൂടുതൽ ഇറങ്ങുന്നതോടെ, മനുഷ്യനു ശാന്തി കൈവരുന്നു. ആത്മജ്ഞാനത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും മനസ്സു് ശാന്തമാകുമ്പോൾ, ആ ശാന്തിയിൽ, മൗനത്തിൽ, മാത്രം യാഥാർത്ഥ്യം ഉണ്മയായിത്തീരുന്നു. അപ്പോഴേ ആനന്ദമുള്ളൂ; അപ്പോൾ മാത്രമേ സർഗ്ഗാത്മക പ്രവർത്തനമുള്ളൂ. ഈ അനുഭവം നേടാതെ, ചുമ്മാ പുസ്തകങ്ങൾ വായിക്കുന്നതും പ്രസംഗങ്ങൾ കേൾക്കുന്നതും പ്രചാരവേല ചെയ്യുന്നതും അർത്ഥമില്ലാത്ത ബാലിശപ്രവൃത്തികൾ ആകുന്നു. തന്നെ മനസ്സിലാക്കിയ വ്യക്തി സർഗ്ഗാത്മകസൗഖ്യം കൈവരിക്കുന്നു; സ്വന്തം മനസ്സു് അല്ലാത്ത എന്തോ ചിലതു് അയാൾ സാക്ഷാത്കരിക്കുന്നു; ആ അവസ്ഥയിൽ വ്യക്തിബന്ധങ്ങളിൽ പരിവർത്തനവും, അതുവഴി നാം ജീവിക്കുന്ന ലോകത്തിൽ മാറ്റവും ഉണ്ടായേക്കാം.'

ഏതാണ്ടു് ഇതാണു് കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങളുടെ ശാശ്വത വിഷയം.

കൃഷ്ണമൂർത്തിയുടെ ആയുഷ്കാലത്തു് അദ്ദേഹത്തിന്റെ മാതൃഭൂമി

യായ ഇന്ത്യയിലും ലോകത്തിലും ഉണ്ടായ രാഷ്ട്രീയ—സാമ്പത്തിക സാമൂഹ്യവിപ്ലവങ്ങളിൽനിന്നെല്ലാം അദ്ദേഹം അകന്നുനിന്നു. പരിഷ്കരണം കൂടുതൽ പരിഷ്കരണത്തെ ആവശ്യമാക്കിത്തീർക്കുമെന്നതിനാൽ, സമൂഹത്തെ പരിഷ്കരിക്കുക എന്ന ആശയത്തെത്തന്നെ മറക്കാനും, യാഥാർത്ഥ്യത്തെ നിരീക്ഷിക്കുകമാത്രം ചെയ്യാനും അദ്ദേഹം ഉപദേശിച്ചു. വിവേകാനന്ദന്റെയോ ഗാന്ധിജിയുടെയോ ദർശനംപോലെ കർമ്മത്തിനു പ്രേരണ നൽകുന്നതായിരുന്നില്ല കൃഷ്ണമൂർത്തിയുടെ ദർശനം. തന്റെ നാട്ടിലെ ബഹുജനങ്ങളുടെ നിതാന്ത ദുരിതങ്ങളെപ്പററി അദ്ദേഹം ചിന്തിച്ചിരുന്നുവോ എന്നു സംശയമാണ്. അതിനാൽ കൃഷ്ണമൂർത്തിയുടെ ദർശനത്തിനു സമകാലഭാരതത്തിൽ പ്രസക്തിയില്ലാതെപോയി. അലസരായ ധനികബുദ്ധിജീവികളാണ് ഇന്ത്യയിൽ മുഖ്യമായും അതിലേക്ക് ആകർഷിക്കപ്പെട്ടതു്. അവർതന്നെയും ക്ലബ്ബുകളും മററും പോലെയുള്ള ഒരു സാമൂഹ്യപ്പൊങ്ങച്ചത്തിൽക്കവിഞ്ഞ പ്രാധാന്യം അതിനു നൽകിയിരുന്നുവോ? കൃഷ്ണമൂർത്തിയുടെ ആത്മദർശനസന്ദേശത്തേക്കാൾ, അദ്ദേഹം സംസാരിച്ചിരുന്ന ഇംഗ്ലീഷിന്റെ സൗന്ദര്യവും ഉച്ചാരണസ്ഫുടതയും അദ്ദേഹത്തിന്റെ പെരുമാററത്തിലെ നാഗരികസൗമ്യതയും മററുമാണോ അവരെ ആകർഷിച്ചിരുന്നതു്? ഒരു ആരാധകൻ അദ്ദേഹത്തോടു് നേരിട്ടു് ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു:

'താങ്കളുടെ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ടു്. ചിന്തയെയും ആശയങ്ങളെയുംപററിയാണു് അവ പ്രതിപാദിക്കുന്നതു്. എനിക്കെന്തോ, മടുപ്പാണു് അവ വായിച്ചിട്ടു തോന്നിയതു്. വാക്കുകളുടെ ഒരു സമുദ്രത്തിൽ നീന്തുകയായിരുന്നു ഞാൻ. എങ്ങോട്ടു തിരിഞ്ഞാലും കൂടുതൽ വാക്കുകൾ. ആ വാക്കുകളിൽനിന്നു് ഉദ്ഭവിച്ച ക്രിയകളും എനിക്കു നൽകപ്പെട്ടു—ഉപദേശങ്ങൾ, ഉദ്ബോധനങ്ങൾ, പ്രതിജ്ഞകൾ, സിദ്ധാന്തങ്ങൾ, അപഗ്രഥനങ്ങൾ, പരിഹാരങ്ങൾ. ഇതെല്ലാം തള്ളിക്കളയപ്പെടാറാണു് പതിവു്. താങ്കളും ചെയ്യുതു് അതാണല്ലോ. പക്ഷേ, താങ്കളുടെ പുസ്തകങ്ങൾ വായിക്കുകയോ പ്രസംഗങ്ങൾ കേൾക്കുകയോ ചെയ്തിട്ടുള്ള മിക്ക ആളുകൾക്കും, താങ്കൾ പറയുന്നതു വെറും വാക്കുകൾ മാത്രമാണു്. ചിലർക്കു് അവ വാക്കുകളിൽ കവിഞ്ഞ എന്തെങ്കിലുമായിരിക്കാം; ചിലർക്കു് അവ യാഥാർത്ഥ്യമായിരിക്കാം; പക്ഷേ, അവരെ ഒഴിച്ചുനിർത്തിയാണു് ഞാൻ പറയുന്നതു്. വാക്കിനപ്പുറത്തു്, ആശയത്തിനപ്പുറത്തു്, എല്ലാ വസ്തുക്കളുമായി പൂർണ്ണബന്ധത്തിൽ ജീവിക്കാൻ ഞാനാഗ്രഹിക്കുന്നു. കാരണം, അതാണു് ജീവിതം.'

കൃഷ്ണമൂർത്തിയുടെ പുസ്തകങ്ങൾ വായിക്കുന്ന പലരുടെയും പ്രതികരണം ഇതായിരിക്കുമെന്നു ഞാൻ കരുതുന്നു. എങ്കിലും, ആ വാക്കുകളുടെ ഗംഗാപ്രവാഹത്തിലൂടെ ഒലിച്ചുപോറുക ആഹ്ലാദകരമായ ഒരനുഭവമാണു്. ദൃശ്യത്തിൽനിന്നു ദ്രഷ്ടാവിലേക്കു് ദ്രഷ്ടാവിൽനിന്നു ദർശനത്തിലേക്കുള്ള ഈ തിരിഞ്ഞുനോട്ടത്തിൽ ആധ്യാത്മികദർശനത്തിന്റെ സാരാംശം അടങ്ങിയിരിക്കുന്നു.

> പരാഞ്ചി ഖാനി വ്യതൃണൽ സ്വയംഭൂഃ
> തസ്മാൽ പരാങ് പശ്യതി നാന്തരാത്മൻ
> കശ്ചിദ് ധീരഃപ്രത്യഗാത്മാന മൈക്ഷദ്
> ആവൃത്ത ചക്ഷുരമൃതത്വമിച്ഛൻ.

ഇന്ദ്രിയങ്ങൾ ബഹിർമുഖങ്ങളായാണു് സൃഷ്ടിക്കപ്പെട്ടതു്. അവയുടെ തരക്കേടും ഇതുതന്നെ. അതിനാൽ എല്ലാവരും പുറത്തേക്കു നോക്കുകയല്ലാതെ, സ്വന്തം അന്തരാത്മാവിലേക്കു നോക്കുന്നില്ല. ബുദ്ധിമാന്മാ

രായ ചിലർ മാത്രം, ശാശ്വതത്ത്വം ആഗ്രഹിച്ച് കണ്ണ് ഉള്ളിലേക്കു തിരിച്ച് അന്തരാത്മാവിലേക്കു നോക്കുന്നു. ഉപനിഷത്തുകളിൽ പറയുന്ന ഈ തത്ത്വത്തിന്റെ പ്രപഞ്ചനമായാണ് കൃഷ്ണമൂർത്തിയുടെ പ്രവചനങ്ങൾ എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്.

20 ഫെബ്രുവരി, 1986

## 65. രുക്മിണീദേവി

കേരളത്തിലെ കഥകളിയും മോഹിനിയാട്ടവും, തമിഴ്നാട്ടിലെ ഭരതനാട്യം, കർണ്ണാടകത്തിലെ യക്ഷഗാനം, ആന്ധ്രപ്രദേശിലെ കുച്ചിപ്പുഡി, ഒറീസ്സയിലെ ഓഡീശി, ഉത്തരപ്രദേശിലെ കഥക്, മണിപ്പുരിലെ മണിപ്പുരി എന്നിവയാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട ക്ലാസ്സിക്കൽ നൃത്യകലാരൂപങ്ങൾ. ഒരേ ഭാരതീയപാരമ്പര്യത്തിൽ ഉത്ഭവിച്ച്, വ്യത്യസ്ത പരിതഃസ്ഥിതികളിൽ വിഭിന്ന പ്രാദേശിക രൂപഭേദങ്ങൾ ഉൾക്കൊണ്ട്, വളർന്ന ഈ കലാരൂപങ്ങൾക്കെല്ലാം പുതിയ ജീവനും അന്തസ്സും കൈവന്നതു് ഇക്കഴിഞ്ഞ അരനൂറ്റാണ്ടിനകത്താണ്. വിശ്വഭാരതിയിൽ മണിപ്പുരി നൃത്യങ്ങൾക്കും കഥകളിക്കും സ്ഥാനം നൽകുകവഴി, നൃത്യകലയ്ക്ക് ആധുനികഭാരതത്തിന്റെ സാംസ്കാരികജീവിതത്തിൽ ഉണ്ടായിരിക്കേണ്ട അഭ്യർഹിതമായ സ്ഥാനത്തെപ്പറ്റി ടാഗോർ ഇന്ത്യക്കാരെ ഉദ്ബുദ്ധരാക്കി. ലോകനൃത്യവേദിയിൽ ഭാരതീയനൃത്യങ്ങളെ വർണ്ണോജ്ജ്വലമായി അവതരിപ്പിച്ച ഉദയശങ്കർ നമ്മുടെ നൃത്തകലാപാരമ്പര്യത്തിന്റെ സമ്പന്നത നമുക്കു വെളിപ്പെടുത്തിത്തന്നു. പാശ്ചാത്യപരിഷ്കാരഭാസത്തിൽ സ്വന്തം നാട്ടിൽത്തന്നെ നിറംമങ്ങിപ്പോയ കഥകളിയും മോഹിനിയാട്ടവും പുനരുദ്ധരിക്കുവാൻ മഹാകവി വള്ളത്തോൾ തന്റെ ആയുസ്സിന്റെ രണ്ടാംപകുതി ഉഴിഞ്ഞുവെച്ചു. ലാസ്യനൃത്യങ്ങളിൽ വെച്ച് ഏറ്റവും ഹൃദ്യവും ഉദാത്തവുമായ ഭരതനാട്യത്തെ സംസ്കരിച്ച് തമിഴ്നാട്ടിലെ അഭിജാതവനിതകളുടെ അഭിമാനമാക്കിമാറ്റിയതു്, 1986 ഫെബ്രുവരി 24-ാം തീയതി, മദ്രാസ്സിൽവെച്ച്, എൺപത്തിരണ്ടാം വയസ്സിൽ അന്തരിച്ച ശ്രീമതി രുഗ്മിണീദേവിയായിരുന്നു.

രുക്മിണീദേവിയുടെ കലാസേവനത്തെപ്പോലെതന്നെ ഒരു ഇതിഹാസമായിക്കഴിഞ്ഞിട്ടുണ്ട് അവരുടെ ജീവിതവും. തമിഴ്നാട്ടിലെ ക്ഷേത്രനഗരമായ മധുരയിൽ, വംശപാരമ്പര്യം അഭംഗുരം പുലർത്തിവന്ന ഒരു ബ്രാഹ്മണകുടുംബത്തിൽ, മാതാപിതാക്കളുടെ അഞ്ചാം സന്താനമായിപ്പിറന്ന, ഏഴ് ഉടപ്പിറപ്പുകളുള്ള, രുക്മിണീദേവി ബാല്യത്തിൽത്തന്നെ തിയോസഫിപ്രസ്ഥാനത്തിൽ ആകൃഷ്ടയായിത്തീർന്നു. പതിനാറാം വയസ്സിൽ ഈ ബ്രാഹ്മണബാലിക, തന്നേക്കാൾ എത്രയോ വയസ്സു മൂത്ത ആസ്ട്രേലിയക്കാരനായ ഡോക്ടർ ജോർജ് അരുൺഡേയ്ലിനെ വിവാഹംചെയ്തതു് തമിഴ്നാട്ടിലെ യാഥാസ്ഥിതികബ്രാഹ്മണസമുദായത്തെ നടുക്കിയ ഒരു സംഭവമായിരുന്നു. അരുൺഡേയ്ലുമൊത്ത് ആസ്ട്രേലിയയിൽ സഞ്ചരിക്കവേ, 1926-ൽ, ലോകപ്രസിദ്ധ റഷ്യൻ നർത്തകിയായ അന്ന പവ്ലോവയുമായി പരിചയപ്പെടാനും, അവരിൽനിന്നു് ബാലേ നൃത്തത്തിന്റെ പ്രഥമപാഠങ്ങൾ അഭ്യസിക്കുവാനും രുക്മിണീദേവിക്കു സാധിച്ചു. ബാല്യത്തിൽ മധുരയിൽ താൻ കണ്ടു പരിചയിച്ചതും, 'സദിർ' എന്നോ 'ചിന്നമേളം' എന്നോ വിളിക്കപ്പെട്ടിരുന്നതുമായ ക്ഷേത്രനൃത്യകലയിൽ രുക്മിണീദേവിക്ക് താത്പര്യം